വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതായ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതുവഴികളിൽ നിർമ്മാണ സാമഗ്രികൾ നിരത്തി സഞ്ചാര സ്വാതന്ത്ര്യം നിരോധിക്കരുതെന്ന പൊതുമരാമത്ത് വകുപ്പ് നിയമാവലിയും ഇതു സംബന്ധിച്ച കോടതി നിർദ്ദേശങ്ങളും ലംഘിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഈ വർഷം ഇത്തരത്തിൽ എത്ര സംഭവങ്ങളിൽ വകുപ്പുതല നടപടി സ്വീകരിച്ചു ; ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) അശാസ്ത്രീയവും നിയമവിരുദ്ധവുമായ നിർമ്മാണ പ്രവർത്തനങ്ങൾ പൊതുവീഥികളിൽ അനുവദിക്കാറില്ല.

(ബി) കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് അനുസരിച്ച് ഹൈവേ അതോറിറ്റി കൂടിയായ എക്സി.എഞ്ചിനീയർമാർ കർശന നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

മേജർ ജില്ലാ റോഡുകൾ സ്റ്റേറ്റ് ഹൈവേയാക്കാനുള്ള പദ്ധതികൾ

196 (793) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മേജർ ജില്ലാ റോഡുകൾ സ്റ്റേറ്റ് ഹൈവേയാക്കാനുള്ള എന്തൊക്കെ പദ്ധതികളാണ് ഇപ്പോൾ ഏറ്റെടുത്തിട്ടുള്ളത് ;

(ബി) ദേശീയ റോഡ് ഫണ്ടിൽ നിന്നുള്ള ധനസഹായത്തിനായി ഇവയിൽ ഏതൊക്കെ റോഡുകളുടെ ലിസ്റ്റാണ് കേന്ദ്രത്തിന് സമർപ്പിച്ചിരുന്നത് ;

(സി) ഇതുവരെ ഇവയിൽ എത്ര റോഡുകളുടെ വികസനത്തിനാണ് അനുമതി ലഭിച്ചത് ;

(ഡി) ഇതിനായി ഇതുവരെ ആകെ എത്ര കോടി രൂപ കേന്ദ്ര ധനസഹായമായി ലഭിച്ചു ;

(ഇ) ഈ റോഡുകളുടെ വികസന പ്രവർത്തനങ്ങൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഇ) ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെയും ഹൈവേ പ്രൊട്ടക്ഷൻ ആക്ടിന്റെയും മാനദണ്ഡങ്ങൾ പാലിക്കുന്ന റോഡുകളാണ് സംസ്ഥാന ഹൈവേയായി ഉയർത്തുന്നതിന് പരിഗണിക്കുന്നത്. ഇതിനായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

തലസ്ഥാന നഗര റോഡ് വികസന പരിപാടി

197 (794) ശ്രീ. ജോർജ് മേഴ്സിയർ :

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിലെ റോഡ് വികസന പ്രവർത്തനങ്ങൾ ഇനിയും പൂർത്തിയാക്കാൻ കഴിയാത്തതിലുള്ള കാരണങ്ങൾ എന്തൊക്കെയാണ് ;

(ബി) ഈ പദ്ധതിയിൻകീഴിൽ ഇനിയും ഏതൊക്കെ പണികളാണ് പൂർത്തീകരിക്കാനുള്ളത് ;

(സി) നഗരറോഡ് വികസന പരിപാടി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) തകരപ്പറമ്പ് ഫ്ളൈ ഓവറിന്റെ പണി തുടങ്ങുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണ് ;

(ഇ) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ;

ഉത്തരം

(എ) വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥലമേറ്റെടുത്തു നൽകുന്നതിന് മുൻപ് 2004-ൽ കരാർ ഉറപ്പിച്ചതുമൂലം ഈ പദ്ധതി തുടക്കം മുതലേ താളം തെറ്റിയിരുന്നു. 2009-ലെ പുതുക്കിയ കരാർ പ്രകാരം പുനരാരംഭിച്ച പ്രവൃത്തി കഴിഞ്ഞ ആറുമാസമായി കേരളത്തിൽ പെയ്ത ക്രമാതീതമായ മഴമൂലം മന്ദഗതിയിലായി. കൂടാതെ ജപ്പാൻ കുടിവെള്ള പദ്ധതിക്കായി പൈപ്പ് സ്ഥാപിക്കുന്ന ജോലിയിൽ ഉണ്ടായ കാലതാമസവും ഭൂമിക്കടിയിലുള്ള മറ്റ് പൈപ്പുകളും കേബിളുകളും മാറ്റി സ്ഥാപിക്കുന്ന ജോലികളിലുണ്ടായ കാലവിളംബവും പദ്ധതിയുടെ പൂർത്തീകരണത്തിന് തടസ്സമായി. റോഡ് നിർമ്മാണ പ്രവർത്തനങ്ങളുടെ കരാർ ഏറ്റെടുത്ത ടി.ആർ.ഡി.സി.എൽ കമ്പനിയുടെ ഭാഗത്ത് ഉണ്ടായ വീഴ്ചകളും പദ്ധതി നീണ്ടു പോകുന്നതിനു കാരണമായി.

(ബി) തകരപ്പറമ്പ് ഫ്ളൈ ഓവറിന്റെ നിർമ്മാണം ഉൾപ്പെടുന്ന ചൂരക്കാട്ട് പാളയം-പാറ്റൂർ റോഡ്, പട്ടം-മെഡിക്കൽകോളേജ് ഉള്ളൂർ-കൊച്ചുള്ളൂർ റോഡ്, കവടിയാർ-പട്ടം റോഡ്, വെള്ളയമ്പലം-ശാസ്തമംഗലം

LIBRARY ARCHIVES Kerala Legislative Assembly